(ബി)—(ഡി) പഴക്കംചെന്ന യൂണിവേഴ്സിറ്റികൾക്കും കോളേജുകൾക്കും ധനസഹായം ലഭ്യമാക്കുന്ന പദ്ധതികൾ യു.ജി.സി. ക്ക് ഉണ്ട്. യു.ജി.സി. യുടെ ധനസഹായം യൂണിവേഴ്സിറ്റികൾക്കും കോളേജുകൾക്കും നേരിട്ടാണ് നൽകി വരുന്നത്. യു.ജി.സി. യുടെ പത്താം പദ്ധതിയിലെ പ്രത്യേക പാക്കേജ് ആയി പരമാവധി സാമ്പത്തിക സഹായം സംസ്ഥാനത്തെ കോളേജുകൾക്ക് ലഭ്യമാക്കുന്നതിന് യു.ജി.സി. ചെയർമാനും വൈസ് ചെയർമാനുമായി ചർച്ച നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് കോളേജുകൾക്ക് പ്രസ്തുത പദ്ധതി പ്രകാരം ധനസഹായത്തിനുള്ള ശുപാർശ യു.ജി.സി. യുടെ പരിഗണനയ്ക്കായി അയച്ചിട്ടുള്ളതുമാണ്.

## സിവിൽ സർവ്വീസ് പരീക്ഷകളിൽ നൂതന പരിശീലന സമ്പ്രദായം നടപ്പാക്കൽ

132 [3658] *ഡോ. എ. നീലലോഹിതദാസൻ നാടാർ:*

*ശ്രീ. എ. സി. ഷൺമുഖദാസ്:*

*,, സി. കെ. നാണു:*

*,, കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വിദ്യാഭ്യാസ നിലവാരത്തിന് അനുസൃതമായി സിവിൽ സർവ്വീസ് പരീക്ഷകളിൽ കേരളത്തിലെ വിദ്യാർത്ഥികൾക്ക് ഉന്നതമായ വിജയം കരസ്ഥമാക്കാൻ സാധിക്കാത്തതിന്റെ കാരണം എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രധാന കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) മറ്റു സംസ്ഥാനങ്ങളിൽ സിവിൽ സർവ്വീസ് പരീക്ഷകൾക്കായി വിദ്യാർത്ഥികൾക്ക് നൽകിവരുന്ന പരിശീലന പരിപാടിയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ രംഗത്ത് മറ്റ് സംസ്ഥാനങ്ങളിൽ ആവിഷ്ക്കരിച്ച നൂതന പരിശീലന സമ്പ്രദായം കേരളത്തിൽ നടപ്പിലാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?



LIBRARY ARCHIVES Kerala Legislative Assembly

*ഉത്തരം*

(എ) ഉണ്ട്.

(ബി) 1. സിവിൽ സർവ്വീസ് പരീക്ഷയെക്കുറിച്ച് കേരളത്തിലെ വിദ്യാർത്ഥികൾക്ക് വേണ്ടത്ര അവബോധം ലഭിക്കുന്നില്ല.

2. അഭിരുചി പരീക്ഷയിൽ വ്യക്തമായ ആശയ വിനിമയശേഷിയുടെ അഭാവം.

3. വിദ്യാർത്ഥികളുടെ ന്യൂനതകൾ പൂർണ്ണമായും മനസ്സിലാക്കി അവരുടെ വ്യക്തിത്വ വികസനത്തിനും പരീക്ഷാ വിജയത്തിനും വിദ്യാഭ്യാസരംഗത്തെ നൂതന സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി ഉന്നത വിജയം നേടിക്കൊടുക്കുന്നതിന് സഹായിക്കുന്ന പരിശീലന കേന്ദ്രങ്ങളുടെ അഭാവം.

(സി) പഠനം നടന്നുവരുന്നു. സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ ആഭിമുഖ്യത്തിൽ കേരളീയർക്ക് അഖിലേന്ത്യ സിവിൽ സർവീസ് കേഡറിലേക്ക് പ്രവേശനം ലഭിക്കുന്നതിന് സഹായിക്കുന്ന തരത്തിൽ പരിശീലനം നൽകുന്നതിന് ട്രെയിനിംഗ് സെന്റർ ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻസ് തുടങ്ങുന്നതിന് 23-2-2005 ലെ സൂഉ.(സാ) 318/05/ഉ.വി.വ. പ്രകാരം ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പരിശീലന കേന്ദ്രത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങളെന്നനിലയിലാണ് പഠനങ്ങൾ നടത്തുന്നത്. കൂടാതെ അഖിലേന്ത്യാ തലത്തിലുള്ള മത്സര പരീക്ഷകളിൽ കേരളത്തിലെ കുട്ടികൾക്ക് മെച്ചപ്പെട്ട പ്രകടനം കാഴ്ചവെയ്ക്കുന്നതിന് അവരെ സജ്ജരാക്കുന്നതിനായി അഖിലേന്ത്യാ നിലവാരമുള്ള ഒരു പരിശീലന സ്ഥാപനം തിരുവനന്തപുരത്ത് തുടങ്ങുന്നതാണെന്ന കാര്യം ഈ വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു.

(ഡി) പ്രഗൽഭരായ അദ്ധ്യാപകരുടെ സഹായത്തോടുകൂടി ഓരോ വിദ്യാർത്ഥിയുടേയും ന്യൂനതകൾ കണ്ടെത്തി അനുസൃതമായ പരിശീലനം നൽകുന്നതാണ്. ഇതിനായി അദ്ധ്യാപകരുടെ ഒരു മോണിറ്ററിംഗ് ബോഡി വിഭാവനം ചെയ്തിട്ടുണ്ട്. കേരളത്തിനു പുറത്തുള്ള ഈ രംഗത്തെ പ്രഗത്ഭരായ അധ്യാപകരുടെ

LIBRARY ARCHIVES Kerala Legislative Assembly

സഹായത്തോടെ പരിശീലന കേന്ദ്രത്തിലെ അധ്യാപകർക്ക് പരിശീലനം നൽകുന്നതാണ്. മുസൂറിയിലുള്ള കേന്ദ്ര സിവിൽ സർവ്വീസ് ട്രെയിനിംഗ് അക്കാഡമിയുടെ സൗകര്യങ്ങൾ കൂടി പ്രയോജനപ്പെടുത്തുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു. പരിശീലന കേന്ദ്രത്തിൽ ആധുനിക സാങ്കേതിക സംവിധാനങ്ങളോടുകൂടിയ ലൈബ്രറി ഇന്റർനെറ്റ് സെന്റർ തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ഉദ്ദേശമുണ്ട്.

## ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ അഴിമതിയെക്കുറിച്ച് അന്വേഷണം

133 [3659] *ശ്രീ. ബി. വിജയകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1994 മുതൽ 2005 വരെ കാലടി ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ അഴിമതി സംബന്ധിച്ച എത്ര പരാതികൾ ലഭിക്കുകയുണ്ടായി;

(ബി) ഏതെല്ലാം പരാതികളിലാണ് അന്വേഷണ നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഏതെല്ലാം പരാതികളിൽ അന്വേഷണം പൂർത്തിയായിട്ടുണ്ട്. ആരെല്ലാം കുറ്റക്കാരെന്ന് തെളിഞ്ഞിട്ടുണ്ട്;

(സി) കുറ്റക്കാർക്കെതിരെ എന്ത് ശിക്ഷണ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഏതെല്ലാം പരാതികളിലാണ് അന്വേഷണം നടന്നുകൊണ്ടിരിക്കുന്നത്;

(ഡി) ആരെയാണ് അന്വേഷണ ചുമതല ഏൽപ്പിച്ചിട്ടുള്ളത്;

(ഇ) അന്വേഷണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

*ഉത്തരം*

(എ)___(ഇ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly